**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3274** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ അധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാണെന്ന് പരിശോധന നടത്തി ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാണെന്ന് പരിശോധന നടത്തി ഉറപ്പുവരുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.05.2024, 31.05.2024 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ നടപ്പ് അധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് നടത്തിയ മുന്നൊരുക്കങ്ങളുടെയും പരിശോധനകളുടെയും വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>1) കുടിവെള്ള ടാങ്ക്, കിണറുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവ നിർബന്ധമായും ശുചീകരിക്കേണ്ടതും അണുവിമുക്തമാക്കേണ്ടതുമാണ്. കുടിവെള്ള സാമ്പിൾ ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.<br><br>2) കിണറുകൾ വൃത്തിയായി ക്ലോറിനേറ്റ് ചെയ്യുക<br><br>3) വെള്ളം ശേഖരിക്കുന്ന ടാങ്കുകൾ വെള്ളം ശുദ്ധീകരിക്കുന്ന ഫിൽറ്ററുകൾ എന്നിവ വൃത്തിയാക്കുക<br><br>4) ക്ലോറിനേഷൻ രജിസ്റ്റർ, വാട്ടർ ടാങ്ക് ക്ലീനിംഗ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുക<br><br>5) വല ഉപയോഗിച്ച് സംരക്ഷിക്കുക<br><br>6) കിണർ വെള്ളം അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുക. മേൽ നിർദ്ദേശങ്ങളിന്മേൽ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിച്ച നടപടി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | നടപടി |
|---|---|
| തിരുവനന്തപുരം | കിണറുകൾ, വാട്ടർ ടാങ്കുകൾ എന്നിവ വൃത്തിയാക്കി, ക്ലോറിനേറ്റ് ചെയ്തും കുടിവെള്ളത്തിന്റെ സാമ്പിൾ ലാബ് പരിശോധന നടത്തിയും ശുചിത്വം ഉറപ്പാക്കിയിട്ടുണ്ട്. 12 ഉപജില്ലയിലെ എ.ഇ.ഒ-മാർ, 3 ഡി.ഇ.ഒ- മാർ, എൻ.എം.ഒ-മാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തിയിട്ടുണ്ട്. |
| കൊല്ലം | 2024 – 25 അധ്യയന വർഷത്തെ സ്കൂൾ പ്രവേശനത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളും വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും സ്കൂളുകളുടെ ഭൗതിക സാഹചര്യം വിലയിരുത്തുന്നതിനായി 20 ഇനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രസ്തുത ചെക്ക് ലിസ്റ്റിൽ ഓരോ വിദ്യാലയങ്ങളിലേയും കുടിവെള്ള ലഭ്യത പരിശോധിക്കുവാനും കുടിവെള്ള സാമ്പിൾ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. പരിശോധന വേളയിൽ എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ള സാമ്പിളുകൾ പരിശോധന നടത്തിയിട്ടുള്ളതായി വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| പത്തനംതിട്ട | അണുവിമുക്തമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ, പത്തനംതിട്ട ജില്ലാ കളക്ടറേറ്റ് ദുരന്ത നിവാരണ സെല്ലിന്റെ "മഴവെള്ള സംഭരണി" പത്തനംതിട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 11സ്കൂളുകൾക്ക് നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ച് നൽകിയിരുന്നു. വർഷാരംഭത്തിൽ കുടിവെള്ള ദൗർബല്യം നിലനിന്നിരുന്ന ജി.എച്ച്.എസ്.എസ് ചിറ്റാർ സ്കൂളിൽ നിലവിൽ കുടിവെള്ള പ്രശ്നം ഇല്ല എന്ന് പ്രധാനാധ്യാപകൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ആലപ്പുഴ | സ്കൂൾ പ്രവേശനത്തോടനുബന്ധിച്ച് ജില്ലയിലെ എല്ലാ സ്കൂൾ വളപ്പിലെയും ജലസ്രോതസ്സുകൾ ആയ ടാങ്ക്, കിണർ എന്നിവ ക്ലീൻ ചെയ്തിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശനം നടത്തിയിട്ടുണ്ട്. |
| കോട്ടയം | മഴക്കാല പൂർവ്വ രോഗങ്ങളുടെ പശ്ചാത്തലത്തിൽ സ്കൂളുകളിൽ തിളപ്പിച്ചാറിയ വെള്ളമാണ് വിതരണം ചെയ്യുന്നത്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി കുടിവെള്ള സ്രോതസ്സുകൾ. കിണറുകൾ, വാട്ടർ ടാങ്കുകൾ എന്നിവ ക്ലോറിനേറ്റ് ചെയ്യുകയുണ്ടായി. മുന് വർഷങ്ങളിലെ പോലെ ഫുഡ് & സേഫ്റ്റി ഡിപ്പാർട്ടുമെന്റിന്റേയും പൊതുവിദ്യാഭ്യാസ വകുപ്പിന്റേയും |

| | |
|---|---|
| | നേതൃത്വത്തിൽ കുടിവെള്ള പരിശോധനയ്ക്ക് നടപടി ആരംഭിച്ചിട്ടുണ്ട്. |
| ഇടുക്കി | അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി മുഴുവൻ വിദ്യാലയങ്ങളിലെയും കിണറുകൾ ക്ലോറിനെറ്റ് ചെയ്തിട്ടുണ്ട്.വെള്ളം ശേഖരിക്കുന്ന ടാങ്കുകൾ, വെള്ളം ശുചീകരിക്കുന്ന ഫിൽറ്ററുകൾ എന്നിവ വൃത്തിയാക്കിയിട്ടുണ്ട്.<br><br>ക്ലോറിനേഷൻ രജിസ്റ്റർ, വാട്ടർ ടാങ്ക് ക്ലീനിംഗ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. വല ഉപയോഗിച്ച് കിണർ സംരക്ഷിക്കുന്നുണ്ട്. കിണർ വെള്ളം അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുരുത്തുന്നുണ്ട്. |
| എറണാ<br><br>കുളം | പി.ടി.എ, എസ്.എം.സി എന്നിവയുടെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും സഹായത്തോടെയും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളുകളിലെ വാട്ടർടാങ്കുകളും കിണറുകളും വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും വാട്ടർ ടാങ്കുകൾ മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനും കിണറുകൾ ആറുമാസത്തിലൊരിക്കൽ ക്ലോറിനേറ്റു ചെയ്യേണ്ടതും വർഷത്തിൽ ഒരിക്കൽ പൂർണ്ണമായി വൃത്തിയാക്കേണ്ടതാണെന്ന നിർദ്ദേശം വിദ്യാലയങ്ങൾക്ക് നൽകിയിട്ടുണ്ട്. ആയതു പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും നൂൺൺമീൽ ഓഫീസർമാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ സന്ദർശനം നടത്തുകയും ചെയ്യുന്നു. |
| തൃശ്ശൂർ | കുടിവെള്ളം ലാബിൽ കൊടുത്ത് പരിശോധിച്ചതായി എല്ലാ ജില്ലാ/ഉപജില്ലാ ഓഫീസർമാരും അറിയിച്ചിട്ടുണ്ട്. |
| പാലക്കാട് | ജലജന്യ രോഗങ്ങൾ ചെറുക്കുന്നതിനും, വയറിളക്കം, പകർച്ചവ്യാധികൾ എന്നിവ പ്രതിരോധിക്കുന്നതിനും കുട്ടികൾക്ക് തിളപ്പിച്ചാറിയ കുടിവെള്ളം മാത്രമേ നൽകാവൂ എന്ന് സ്കൂൾ പ്രധാനാധ്യാപകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ സന്ദർശന വേളകളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, നൂൺ ഫീഡിംഗ് സൂപ്പർവൈസർ, നൂൺ മീൽ ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| മലപ്പുറം | സ്കൂൾ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ സ്കൂളുകളിലും സന്ദർശനം നടത്തുകയും സ്കൂളുകളിലെ ജലസ്രോതസ്സുകൾ അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. |
| കോഴിക്കോട് | കിണറുകളും പരിസരവും ശുചീകരിക്കുകയും ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കുകയും ചെയ്തു. |
| വയനാട് | 23 പഞ്ചായത്തുകളിലെയും 3 മുൻസിപ്പാലിറ്റികളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലയിലെ 305 വിദ്യാലയങ്ങളിലും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സന്ദർശനം നടത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി അപാകതകൾ പരിഹരിച്ചിട്ടുണ്ട്. |
| കണ്ണൂർ | പരിശോധനയിൽ ബാക്ടീരിയ സാന്നിദ്ധ്യമുള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| കാസർഗോഡ് | അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് കിണറുകളും ടാങ്കുകളും വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളം ലാബിൽ പരിശോധിച്ച് ഉപയോഗയോഗ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ